(സി) ടി പ്രൊമോഷനുകൾ കേരള കയർ തൊഴിലാളി ക്ഷേമനിധിയുടെ ഡയറക്ടർ ബോർഡോ സർക്കാരോ നാളിതുവരെ അംഗീകാരം നൽകിയിട്ടില്ല. കൂടാതെ ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് പ്രൊമോഷനുകൾ നടത്തുവാൻ അധികാരമില്ല.

(ഡി) പ്രസ്തുത ജീവനക്കാർക്ക് സ്ഥാനക്കയറ്റം നൽകിയത് ചട്ടവിരുദ്ധമായ നടപടിക്രമം ആയതിനാലും ബോർഡിലെ സ്റ്റാഫ് പാറ്റേണും സ്പെഷ്യൽ റൂളും അംഗീകരിച്ചു കിട്ടാത്ത പരിഗണിച്ചും, ടി ജീവനക്കാരുടെ പ്രൊമോഷൻ സർക്കാർ അംഗീകരിച്ചിട്ടില്ലാത്തതിനാലും, പ്രൊമോഷൻ കിട്ടിയ തസ്തികയിലെ ശമ്പളം സ്വീകരിക്കുന്നത് അഭികാമ്യമല്ലാത്തതിനാൽ നിലവിലുള്ള സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി നടത്തിയ പ്രൊമോഷനുകൾ റദ്ദു ചെയ്യുന്നതിനും ടി ഇനത്തിൽ നൽകിയിട്ടുള്ള അധികവേതനം അടിയന്തരമായി തിരിച്ചു പിടിക്കുന്നതിനും വേണ്ട നടപടികൾ കൈക്കൊള്ളേണ്ടതാണെന്ന് ധനകാര്യ വകുപ്പ് നിർദ്ദേശിച്ചിട്ടുണ്ട്. ധനകാര്യ വകുപ്പ് നിർദ്ദേശത്തിനുമേൽ ഇപ്രകാരം പ്രൊമോഷൻ ലഭിച്ച 12 ജീവനക്കാരെ റിവേർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചപ്പോൾ പ്രസ്തുത നടപടിക്കെതിരെ ബഹു. ഹൈക്കോടതിയിൽ ടി ജീവനക്കാർ റിട്ട് പെറ്റീഷൻ ഫയൽ ചെയ്യുകയും താല്ക്കാലിക സ്റ്റേ വാങ്ങി അതത് തസ്തികയിൽ തുടർന്ന് പോരുകയും ചെയ്യുന്നു. എന്നാൽ ഇപ്പോൾ ബഹു. കേരള ഹൈക്കോടതി അന്തിമവിധി പുറപ്പെടുവിച്ചിട്ടുണ്ട്. വിധിപ്പകർപ്പ് ലഭിച്ചശേഷം തുടർ നടപടി സ്വീകരിക്കുന്നതാണ്.

(ഇ) പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

(എഫ്) ഉണ്ട്. പ്രസ്തുത കേസിന്മേൽ ബഹു. കേരള ഹൈക്കോടതി അന്തിമവിധി പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ വിധി ന്യായത്തിന്റെ പകർപ്പ് സർക്കാരിൽ ലഭ്യമായിട്ടില്ല.

(ജി) ഇതു സംബന്ധിച്ച ബഹു. ഹൈക്കോടതി വിധി പകർപ്പ് ലഭിച്ചശേഷം നടപടി സ്വീകരിക്കുന്നതാണ്.

കയർ മേഖലയുടെ സംരക്ഷണം

176(4807) ശ്രീ. പി. തിലോത്തമൻ :
ശ്രീ. കെ. അജിത് :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന കയർ വ്യവസായ മേഖലയെ നിലനിർത്തുന്നതിന് എന്തു നടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

കയർ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് സാദ്ധ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. ചകിരിയുടെ ദൗർലഭ്യവും അടിക്കടിയുള്ള വില വർദ്ധനവും കയർ മേഖല നേരിടുന്ന ഒരു പ്രധാന പ്രശ്നമാണ്. ഈ പ്രതിസന്ധി പരിഹരിക്കുന്നതിന്റെ ഭാഗമായി അന്യസംസ്ഥാനങ്ങളിൽ നിന്നുൾപ്പെടെ ചകിരി സംഭരിച്ച് കയർ സഹകരണ സംഘങ്ങൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും സബ്സിഡി നിരക്കിൽ നൽകാൻ കയർഫെഡിന് 2013-14 വർഷം 4,86,20,000 രൂപ സർക്കാർ നൽകി. പ്രവർത്തനക്ഷമമായ എല്ലാ സംഘങ്ങൾക്കും റിവൈവൽ പദ്ധതി പ്രകാരം പ്രവർത്തന മൂലധനം, സ്ഥിരമൂലധനം എന്നിവ 2011-12, 2012-13, 2013-14 എന്നീ വർഷങ്ങളിൽ അനുവദിച്ചതിനെ തുടർന്ന് ഉല്പാദന പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കാൻ സംഘങ്ങൾക്കായിട്ടുണ്ട്. വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം കയർപിരി മേഖലയിലെ കുറഞ്ഞ കൂലി 1-3-2014 മുതൽ 300 രൂപയായും ഉൽപ്പന്നമേഖലയിലെ കുറഞ്ഞ കൂലി 1.-3-2013 മുതൽ 360 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. കയർ പിരി ഡീഫൈബറിംഗ് മേഖലയിൽ കൂലിയുടെ നല്ലൊരു വിഹിതം സർക്കാർ തന്നെ നൽകുന്ന രീതിയിൽ ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കി വരുന്നു. കൂടാതെ ചകിരി ഉല്പാദക സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. അടിസ്ഥാന സൗകര്യ വികസന പദ്ധതി പ്രകാരവും സംഘങ്ങൾക്ക് ധനസഹായം അനുവദിച്ചു വരുന്നു. കയർ മേഖലയെ സംരക്ഷിച്ചു നിലനിർത്തുന്നതിനായി മന്ത്രിസഭ അംഗീകരിച്ച താഴെപ്പറയുന്ന പദ്ധതികൾ 2014-16 വർഷത്തിൽ നടപ്പിലാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1) കയർ മേഖലയ്ക്ക് ആവശ്യമായ ചകിരിയുടെ ലഭ്യത ഉറപ്പാക്കുന്നതിനായി തൊണ്ട് സംഭരണ പദ്ധതി പരിഷ്കരിക്കും. നാളികേര വികസന ബോർഡുമായി ചേർന്ന് തൊണ്ട് സംഭരണ ഡീഫൈബറിംഗ് മേഖലകളിൽ ഇൻകം സപ്പോർട്ട് പദ്ധതി പ്രകാരം തൊഴിലാളികൾക്ക് ഒരു വിഹിതം വേതനം നൽകി ചകിരിയുടെ ലഭ്യത ഉറപ്പാക്കും.

2) കയർ മേഖലകളിൽ ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനായി നാഷണൽ കയർ റിസർച്ച് ആന്റ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട്, സെമി ആട്ടോമാറ്റിക് ന്യൂമാറ്റിക് തറികൾ, വില്ലോയിംഗ് മെഷീൻ, ഇലക്ട്രോണിക് റാട്ടിന്റെ പരിഷ്കരിച്ച മോഡൽ എന്നിവ വികസിപ്പിക്കും.

3) കയർ ഉല്പന്നങ്ങളുടെ ആഭ്യന്തര-വിദേശ വിപണികൾ ശക്തിപ്പെടുത്തുന്നതിനായി നാഷണൽ കയർ റിസർച്ച് ആന്റ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ വിപണന ഗവേഷണ വിഭാഗം ആരംഭിക്കും.

4) കയർ മേഖലകളിൽ ഉല്പാദനവും തൊഴിൽ ദിനവും വർദ്ധിപ്പിക്കുന്നതിനായി കയർ സഹകരണ സംഘങ്ങൾക്ക് പ്രവർത്തന മൂലധനം നൽകും.

5) കയർ മേഖലയിലെ തൊഴിലാളികളുടെ അദ്ധ്വാനഭാരം ലഘൂകരിക്കുന്നതിനും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുമായി സംഘങ്ങൾക്ക് വർക്ക്ഷെഡ്, ടോയ്ലറ്റ്, ആധുനിക പണി സാമഗ്രികൾ എന്നിവ നൽകും.

6) ഫോം മാറ്റിംഗ്സ് ഇന്ത്യ ലിമിറ്റഡിന്റെ ആഭിമുഖ്യത്തിൽ ആലപ്പുഴ, കണിച്ചുകുളങ്ങരയിൽ കയർ കോമ്പോസിറ്റ് ഫാക്ടറി പ്രവർത്തനം ആരംഭിക്കും.

കയർ മേഖലയിലെ തൊഴിലാളികളുടെ കൂലി

177(4808) ശ്രീ. കെ. അച്ചുതൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കയർ മേഖലയിലെ തൊഴിലാളികളുടെ കൂലി വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്, വിശദമാക്കുമോ;

(ബി) കയർപിരി മേഖലയിൽ കൂലി വർദ്ധനവിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്തിയത്, വിശദാംശങ്ങൾ അറിയിക്കുമോ;

(സി) ഉൽപാദന മേഖലയിൽ കുറഞ്ഞകൂലി എത്രയായിട്ടാണ് വർദ്ധിപ്പിച്ചത്, വിശദമാക്കുമോ;

(ഡി) തൊഴിലാളികളുടെ കൂലി ബാങ്ക് അക്കൗണ്ട് വഴി നൽകാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്, വിശദാംശങ്ങൾ എന്തെല്ലാം?

LIBRARY ARCHIVES Kerala Legislative Assembly